# നവോത്ഥാനത്തിന്റെ സാംസ്കാരികധാരകൾ

കെ.ജി. പൗലോസ്

ഒക്ടോബർ വിപ്ളവത്തിന്റെ നൂറാം വർഷം കൊണ്ടാടുന്ന കാലമാണിത്. ചരിത്രത്തിലെ നാഴികക്കല്ലായ ആ വിപ്ലവത്തെപ്പറ്റി മഹാകവി രവീന്ദ്രനാഥടാഗോർ പറഞ്ഞതിതാണ് – അനേകം വിപ്ലവങ്ങൾ ലോകത്തു നടന്നിട്ടുണ്ട്. ചരിത്രത്തിന്റെ പാതയിലെ ദീപസ്തംഭങ്ങളാണ് അവ. റഷ്യൻ വിപ്ലവവും അങ്ങനെതന്നെ. ഒരു വ്യത്യാസമുണ്ട്. ഇതിനു മുൻപുള്ള ദീപസ്തംഭങ്ങൾ ചുറ്റും പ്രഭചൊരിഞ്ഞപ്പൊഴും ചുവട്ടിൽ ഇരുട്ടായിരുന്നു. വിളക്കിനെ ചുമക്കുന്ന വിളക്കുകാലിന് അടിയിലെ ഇരുൾകൂടി മാറ്റി എന്നതാണ് റഷ്യൻ വിപ്ലവത്തിന്റെ സവിശേഷത.

രണ്ടുകാര്യങ്ങളാണ് ഈ നിരീക്ഷണം വ്യക്തമാക്കുന്നത്. ചരിത്രത്തിന്റെ ഗതി ചാക്രികമെന്നാണ് പഴയ ധാരണ. ഒരു കറക്കം, അതാവർത്തിച്ചുകൊണ്ടിരിക്കും. മുന്നോട്ടുമില്ല, പിന്നോട്ടുമില്ല. ഈ ധാരണയെ തിരുത്തി ചരിത്രത്തിന്റെ ഗതി രേഖീയമാണെന്ന് ഈ നിരീക്ഷണം വ്യക്തമാക്കുന്നു. നാം മുന്നോട്ട്. മുന്നോട്ടാണ് ഗതി എന്ന് നിശ്ചയിക്കുന്നതിനുള്ള അളവുകോൽ കീഴാളജീവിതത്തെ അതെത്രമാത്രം ഉയർത്തുന്നു എന്നതാണ്. പുരോഗതിയെ കൃത്യമായി നിർവചിക്കുകയായിരുന്നു മഹാകവി. ഇത്തരമൊരു തിരിച്ചറിവിലേയ്ക്ക് സമൂഹമെത്തിയത് പല പടവുകൾ കയറിയാണ്. ഉടയോന്റെ മുതൽമുടക്കാണ് ഉല്പന്നത്തിന്റെ മൂല്യമെന്നായിരുന്നു പഴയ കണക്ക്. പണിയെടുക്കുന്നവൻ അതിൽ ഒരു ഘടകമായി പരിഗണിക്കപ്പെട്ടിരുന്നില്ല. മൃഗങ്ങളെപ്പോലെ ആട്ടിത്തെളിയിച്ചു കൊണ്ടുവരേണ്ട അടിമകളായിരുന്ന പണിയാളർ. മേലാളരുടെ പണം മാത്രമല്ല ഉല്പന്നമെന്നും തൊഴിലാളിയുടെ പ്രയത്നം കൂടി അതിലടങ്ങിയിരിക്കുന്നുവെന്നും മാർക്സ് ശഠിച്ചു. പണിയെടുക്കുന്നവന് വിലയും നിലയുമുണ്ടായതപ്പോഴാണ്. സംഘടിക്കാനും വിലപേശാനും അടിയാളർ ആരംഭിച്ചതങ്ങനെയാണ്. അതോടെ തൊഴിലിന് ചില വ്യവസ്ഥകൾ വേണമെന്ന് ആവശ്യപ്പെടാൻ അവർക്ക് ധൈര്യമുണ്ടായി. എട്ടുമണിക്കൂർ പരിധി നിശ്ചയിക്കണമെന്ന് അവരാവശ്യപ്പെട്ടു. രക്തത്തിൽ മുങ്ങിയെങ്കിലും ഇത്തരം അവകാശങ്ങൾ അംഗീകരിക്കപ്പെട്ടുതുടങ്ങി. പുതിയ ഈ ഉണർവ്വിന്റെ ഐതിഹാസികമായ വിജയമായിരുന്നു ഒക്ടോബർ വിപ്ലവം. പ്രകാശം വിളക്കുചുമക്കുന്നവരുടെ ജീവിതത്തിലേയ്ക്ക് പകർന്നത് അപ്പോഴാണ്. റഷ്യ തകർന്നാലും തൊഴിലാളിയുടെ അവകാശബോധത്തെ തകർക്കാൻ ആർക്കും കഴിയില്ല. നവോത്ഥാനചിന്തകളിലും പുരോഗമനസാഹിത്യപഠനങ്ങളിലുമൊക്കെ ഈ ആശയത്തിന് പ്രാധാന്യമുണ്ട്.

**നവോത്ഥാനം**

ഭാരതത്തിൽ നവോത്ഥാനത്തിന്റെ പിതാവായി ചരിത്രം അടയാളപ്പെടുത്തുന്നത് രാജാറാംമോഹൻറായിയെ ആണല്ലോ. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച നാഗരികർക്ക് സായ്പിനൊപ്പം നിൽക്കാനുള്ള ആശയുടെ പ്രതിഫലനമായിരുന്നു സതി പോലുള്ള അനാചരങ്ങളോട് അവർക്കുണ്ടായ എതിർപ്പ്. അത് സ്ഥായിയായിരുന്നില്ല. സമൂഹത്തിന്റെ മേല്പാളിയിൽ ചെറിയ ചില നുരയും പതയുമുണ്ടാക്കാനേ അവർക്ക് കഴിഞ്ഞുള്ളൂ. അധികം കഴിയാതെ അതിന്റെ ചലനങ്ങൾ അടങ്ങുകയും ചെയ്തു. കൃത്യമായ അർത്ഥത്തിൽ ഒരു നവോത്ഥാനം ഭാരതീയസമൂഹത്തിൽ ഉണ്ടാക്കാൻ അവയ്ക്കായില്ല. ചില്ലറചില പരിഷ്കരണശ്രമങ്ങൾ നടന്നില്ലെന്നല്ല. അതൊന്നും സമൂഹഘടനയെ ഉടച്ചുവാർക്കുന്നതിനോ ദുർബ്ബലമാക്കുന്നതിനോ പോലും കാരണമായില്ല; മൗലികമായ അത്തരം മാറ്റങ്ങൾ അവർ ആഗ്രഹിച്ചുമില്ല. നിലവിലുള്ള സമൂഹഘടനയെ പരിരക്ഷിച്ചുകൊണ്ട് തൊലിപ്പുറത്തുള്ള മാറ്റങ്ങളേ അവർ ആഗ്രഹിച്ചിട്ടുള്ളു. ആ അർത്ഥത്തിൽ ഭാരതീയസമൂഹത്തിൽ നവോത്ഥാനം എന്നൊന്ന് ഉണ്ടായിട്ടില്ല. ഉണ്ടായതും ഇപ്പോൾ തുടരുന്നതും പുനരുത്ഥാനപ്രവർത്തനങ്ങളാണ്. അത് പിന്നോട്ടുള്ള നടത്തമാണ് താനും.

ഇതിൽനിന്ന് വ്യത്യസ്തമായിരുന്നു കേരളത്തിന്റെ അവസ്ഥ. മേല്പാളിയിൽ ചലനങ്ങളിവിടെയുമുണ്ടായി. ചന്തുമേനോൻ, വി.ടി. ഭടതിരിപ്പാട് തുടങ്ങിയവരുടെ ശ്രമങ്ങൾ ഉദാഹരിക്കാം. എന്നാൽ കേരളീയ നവോത്ഥാനത്തിന്റെ അടിക്കല്ല് കീഴാളവർഗ്ഗത്തിന്റെ ഉയർത്തെഴുന്നേല്പ് ആയിരുന്നു. ശ്രീനാരായണഗുരു, അയ്യങ്കാളി തുടങ്ങിയവരുടെ പ്രവർത്തനങ്ങളാണ് നൂറ്റാണ്ടുകളായി നിലനിന്ന സമൂഹഘടനയെ തച്ചുടച്ച് പുതിയ ഒന്നിനെ സൃഷ്ടിച്ചത്. ഈ അടിയൊഴുക്കാണ് കേരളീയ നവോത്ഥാനത്തിന്റെ കാതൽ. കേരളത്തിന്റെ സൗഭാഗ്യമിതായിരുന്നു. ഒരു പ്രത്യേകഘട്ടത്തിൽ മേല്പാളിയും കീഴ്പ്പാളിയും യോജിച്ചു. ഈ യോജിപ്പുണ്ടാക്കിയ കുത്തൊഴുക്ക് പുതിയൊരു സമൂഹഘടനയ്ക്ക് രൂപംനൽകി. മേലാളകീഴാളധാരകൾ പരസ്പരം ഇണങ്ങിയും ഇഴുകിയുമാണ് കേരളീയ ജീവിതത്തിൽ നവീനമായൊരു സംസ്കൃതിയെ സൃഷ്ടിച്ചത്. കീഴാളർക്ക് വഴി നടക്കാൻ വേണ്ടി വൈക്കത്ത് നടന്ന സമരത്തിന്റെ മുന്നിൽ കെ.പി. കേശവമേനോനും മന്നത്ത് പദ്മനാഭനുമൊക്കെയുണ്ടായിരുന്നു. ഇതാണ് നവോത്ഥാനത്തിന്റെ കേരളീയമാതൃക.

നൂറ്റാണ്ടുകളായി പലതരം വിഭാഗീയതകളുടെ പേരിൽ ഭ്രാന്താലയത്തിലെ ഇരുളടഞ്ഞ അറകളിൽ ശ്വാസംമുട്ടിക്കഴിഞ്ഞവർക്ക് പുറത്തിറങ്ങാനും നേരേ നിവർന്നു ശ്വാസംവിടാനും പൊതുഇടം നൽകിയത് മാനവികത എന്ന പുതുദർശനമായി

രുന്നു. മനുഷ്യനാകുക എന്നതായിരുന്നു ഗുരുദേവന്റെ ആഹ്വാനം. ജാതിയോ മതമോ ദൈവമോ അതിന് തടസ്സമാകേണ്ടതില്ല. നമ്പൂതിരിയെ മനുഷ്യനാക്കുക എന്ന ഇ.എം.എസ്സിന്റെ മുദ്രാവാക്യത്തിന്റെയും അർത്ഥം ഇതായിരുന്നു. അങ്ങനെയാണ് കേരളീയനവോത്ഥാനത്തിന്റെ കേന്ദ്രബിന്ദു 'മനുഷ്യൻ' ആയി മാറുന്നത്. മുപ്പതുകളോടടുത്തപ്പോൾ ദേശീയബോധമുണർത്തിക്കൊണ്ട് 'ഭാരതീയനാകുക, കേരളീയനാകുക' എന്നൊരു പൊതുസ്വത്വം വള്ളത്തോൾ മലയാളിക്ക് നൽകി. മലയാളി തന്റെ ജാതിശരീരം വെടിഞ്ഞ് മനുഷ്യശരീരമെടുക്കുകയും തുടർന്ന് രാഷ്ട്രീയമായൊരു പൗരബോധത്തിലേയ്ക്കുണരുകയും ചെയ്തതാണ് കേരളീയ നവോത്ഥാനത്തിന്റെ രസതന്ത്രം.

ഈ നവോത്ഥാനത്തിന് രണ്ട് ധാരകളുണ്ടായിരുന്നു – സാംസ്കാരികം, രാഷ്ട്രീയം. വേർപിരിക്കാനാവാത്തവിധം ഈ രണ്ടുധാരകളും പരസ്പരം ഇഴചേർന്നിരിക്കുന്നു. അരുവിക്കരയിലെ ശിവപ്രതിഷ്ഠയിൽ രാഷ്ട്രീയമുണ്ട്. പുരോഹിതവർഗ്ഗത്തിന്റെ അധികാരത്തെ അത് അട്ടിമറിച്ചു. മൗനവും സൗമ്യവുമായിരുന്നു ആ വിപ്ലവം. എട്ടുനൂറ്റാണ്ട് സൂരിനമ്പൂതിരിപ്പാട് അനുഭവിച്ചുപോന്ന അവകാശത്തെ ആണ് ഇംഗ്ലീഷ് പഠിച്ച ഒരു പെണ്ണ് മുന്നൂദിവസം കൊണ്ട് കടലിലൊഴുക്കിയത്. ജന്മിത്തത്തിന്റെ കടയ്ക്കൽവെച്ച കത്തിയായിരുന്നു അത്. ദേശീയബോധമുണർന്നതോടെ രാഷ്ട്രീയം കൂടുതൽ പ്രകടമായി. ഭാരതക്ഷ്മാദേവിയുടെ തൃപ്പതാക ദൂരദൂരമുയരട്ടെ എന്ന് ആവേശത്തോടെ വിളിച്ചപ്പോൾ വിദേശിയുടെ പതാക താഴേയ്ക്ക് പതിക്കട്ടെ എന്നാണ് വള്ളത്തോൾ ഉദ്ദേശിച്ചത്. ആരോഗ്യകരമായൊരു സന്ദേശമാണത് മലയാളിക്ക് നൽകിയത്. പാട്ടബാക്കിയിൽ കെ. ദാമോദരനും മണ്ണിന്റെ മാറിൽ ചെറുകാടും ദേശീയതയ്ക്കൊപ്പം വർഗ്ഗബോധവും മലയാളിക്ക് സംഭാവനചെയ്തു.

സാംസ്കാരികമായ ഉണർവായിരുന്നു രാഷ്ട്രീയധാരയുടെ ശക്തിസ്രോതസ്സ്. സ്ത്രീപുരുഷബന്ധത്തിൽ സംബന്ധമെന്ന മൃഗീയതയ്ക്ക് പകരം മധുരോദാരമായ പ്രണയയെന്ന സങ്കല്പം ഇന്ദുലേഖ മുന്നോട്ടുവെച്ചു. മാധവനും ഇന്ദുലേഖയും തമ്മിലുള്ള ബന്ധം പരസ്പരാരാധനയുടേതായിരുന്നു; അധികാരത്തിന്റേതായിരുന്നില്ല. ആശാന്റെ രചനകളിലാണ് നവോത്ഥാനത്തിന്റെ സാംസ്കാരിക മുഖം തെളിമയോടെ വിളങ്ങുന്നത്. വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതാണ്, വിലക്ഷണകൃതിയെന്ന് കവിതന്നെ വിശേഷിപ്പിച്ച ദുരവസ്ഥയിലെ പ്രമേയം. അന്തർജ്ജനമായ സാവിത്രി സ്വന്തം അനുഭവങ്ങളിലൂടെ പുടപാകം ചെയ്ത് മനുഷ്യസ്ത്രീയായി മാറുന്നു. നിരക്ഷരനും കീഴ്ജാതിക്കാരനുമായ ചാത്തനിലുള്ള മനുഷ്യനെ അവൾ കണ്ടെത്തുന്നു. നമ്പൂതിരിസ്ത്രീയെ മനുഷ്യസ്ത്രീയാക്കി

വളർത്തുക, അയിത്തക്കാരനായ പുലയയുവാവിനെ മനുഷ്യനാക്കി ഉയർത്തുക. ഇതാണ് ദുരവസ്ഥയുടെ സാംസ്കാരികതലം. അന്നത്തെ സമൂഹത്തിനിത് പ്രകോപനപരമായതിൽ അദ്ഭുതമില്ല.

'ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും സ്പർശിച്ചു പ്രവഹിച്ച ഒരു നൂതന സംസ്കാരധാരയുടെ ചൈതന്യമാണു നമ്മുടെ സാംസ്കാരികനവോത്ഥാനത്തിൽ അന്തർഭവിച്ചിരിക്കുന്നത്. സ്ത്രീപുരുഷപ്രേമം,കുടുംബബന്ധങ്ങൾ,മറ്റുമാനുഷിക ബന്ധങ്ങൾ എന്നിവയെല്ലാം മാനുഷികമായ ഒരു നവോന്മേഷം പകർന്നു കൊടുക്കുകയായിരുന്നു ഈ സാംസ്കാരികനവോത്ഥാനത്തിന്റെ ലക്ഷ്യം. പരോപകാരപ്രദമായ മനുഷ്യജീവിതത്തിന് വില കല്പിക്കുക, സ്നേഹത്തിൽ മാത്രം അധിഷ്ഠിതമായ ഒരു സ്ത്രീപുരുഷബന്ധത്തെ ഉയർത്തിക്കാട്ടുക, സ്നേഹസമ്പന്നമായ ലൗകികജീവിതം ജീവിതവിരക്തിയേക്കാൾ ഉൽകൃഷ്ടമാണെന്നു വിലമതിക്കുക, ജാതിയും മറ്റ് മനുഷ്യകൃതമായ മതിൽകെട്ടുകളും അർത്ഥശൂന്യമാണെന്ന നിലയിൽ അവയെ തട്ടിത്തകർക്കുക, മനുഷ്യസേവനമാണ് സർവോൽകൃഷ്ടമായ ജീവിതലക്ഷ്യമെന്നു പ്രഖ്യാപിക്കുക, മനുഷ്യത്വത്തിന്റെ വികാസത്തിന് അനുരോധമായ ജീവിതബന്ധങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു നൂതന മാനവീയസംസ്കാരത്തിന്റെ നിർഝരിയെയാണ് ആ സാംസ്കാരിക നവോത്ഥാനം ഇവിടെ ഒഴുക്കിയത്.'

**സാഹിത്യത്തിലെ പുരോഗമനം**

കേരളപ്പിറവിക്ക് മുൻപ് പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റ വളർച്ചയിൽ പ്രധാനമായി മൂന്നു അടരുകൾ കാണാം. നവോത്ഥാനത്തിന്റെ ഭാഗമായി സാഹിത്യത്തിലുണ്ടായ ഭാവുകപരിണാമത്തെ പുച്ഛത്തോടെയാണ് ഒരു വിഭാഗം കണ്ടത്. 'ചാവൽസാഹിത്യം' എന്നാണ് ജീവൽ സാഹിത്യത്തെ സഞ്ജയൻ പരിഹസിച്ചിരുന്നത്. അത്രത്തോളം പോയില്ലെങ്കിലും കുട്ടികൃഷ്ണമാരാരും പുതിയ പ്രവണതയെ കഠിനമായി വിമർശിച്ചു. അദ്ദേഹം എഴുതാൻ ആരംഭിച്ചതുതന്നെ പുരോഗമനസാഹിത്യത്തെ എതിർക്കാനായിരുന്നു. 'കല കലയ്ക്കുവേണ്ടി' എന്ന പഴയ വാദത്തിന്റെ വക്താവായിരുന്നു അദ്ദേഹം; പിൽക്കാലത്ത് അദ്ദേഹമത് തിരുത്തിയെങ്കിലും. യാഥാസ്ഥിതികപക്ഷത്ത് നിലയുറപ്പിച്ചവരാണിവരും അനുയായികളും.

സാഹിത്യത്തിന് സാമൂഹ്യപ്രതിബദ്ധത വേണമെന്ന് ആഗ്രഹിച്ചവരാണ് ഉത്പതിഷ്ണുക്കളായവരധികം പേരും. കേസരിയും ആശാനുമാണിതിന്റെ ആദ്യവക്താക്കളെന്ന് കരുതുന്നതിൽ തെറ്റില്ല. പിൽക്കാലത്ത് എം.പി. പോൾ ആണ് ഈ

ചിന്തയ്ക്ക് നേതൃത്വം നൽകിയത്. പുരോഗമനസാഹിത്യത്തെ അദ്ദേഹം നിർവ്വചിച്ചതിങ്ങനെയാണ്: ' പുരോഗമനസാഹിത്യത്തിന്റെ ആധാരം മനുഷ്യന് ഒരു ഭാവി ഉണ്ടെന്നുള്ള വിശ്വാസമാണ്.....ഏതൊരു സാഹിത്യമാണോ മനുഷ്യനെ നിർഭയചിന്തകനും സാഹസസന്നദ്ധനും കർമ്മധീരനും പുരോഗമനേച്ഛുവുമാക്കാൻ സമർത്ഥമായി അനുഭവപ്പെടുന്നത്,അതാണ് പുരോഗമനസാഹിത്യം'. ഹ്യൂമനിസ്റ്റെന്ന് സ്വയം വിശേഷിപ്പിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. മുണ്ടശ്ശേരി, കേശവദേവ് തുടങ്ങിയ അനേകർ ഈ വിധത്തിൽ ചിന്തിച്ചവരാണ്.

ഇക്കൂട്ടത്തിൽ ഒരു വിഭാഗം ക്രമേണ കടന്ന് ചിന്തിക്കാൻ തുടങ്ങി. ഒക്ടോബർ വിപ്ലവത്തിന് ശേഷം അന്താരാഷ്ട്രതലത്തിലുണ്ടായ മാറ്റങ്ങളും ഭാരതത്തിലുണ്ടാക്കിയ പ്രതികരണങ്ങളുമൊക്കെ അവരെ സ്വാധീനിച്ചു. വർഗ്ഗപരമായ വിശകലനത്തിലൂന്നിയാണ് ഇവർ പുരോഗമനത്തെ വിലയിരുത്തിയത്. ഇ.എം.എസ്, കെ.ദാമോദരൻ, എം.എസ്.ദേവദാസ്,വി.ടി. ഇന്ദുചൂഡൻ തുടങ്ങിയവർ കൂടുതൽ ഇടത്തോട്ടുനീങ്ങി. ഈ സംഭവവികാസങ്ങൾ പുരോഗമന സാഹിത്യസംഘത്തിൽ വിള്ളലുണ്ടാക്കി. 'ജീവിതത്തോട് പ്രതിബദ്ധത ആകാം, പ്രത്യേകപ്രത്യയശാസ്ത്രത്തോടാകാൻ വയ്യ' എന്ന് ആദ്യവിഭാഗം ശഠിച്ചു. സമൂഹത്തെ പരിഷ്ക്കരിക്കാൻ അവരൊരുക്കമായിരുന്നു, പക്ഷേ അടിത്തറ ഇളക്കാൻ വയ്യ എന്നതായിരുന്നു അവരുടെ പൊതുനയം. അപ്പോൾ ചോദ്യമായി, 'നിങ്ങൾ ഏത് ചേരിയിൽ.?' ഈ അകൽച്ച ഒട്ടേറെ വാദപ്രതിപാദങ്ങൾക്ക് വഴിവെച്ചു. സാഹിത്യത്തെ വിലയിരുത്തുന്നതിൽ വിവാദങ്ങളേറെ ഉണ്ടായി. അന്തരീക്ഷം കലുഷിതമായി. ഒഴിവാക്കേണ്ടിയിരുന്ന പരാമർശങ്ങൾ ഇരുഭാഗത്തുനിന്നുമുണ്ടായി.

സ്ഥിതിഗതികൾ ഇങ്ങനെ ഒക്കെ ആയെങ്കിലും പുരോഗമന സാഹിത്യപ്രസ്ഥാനം സാംസ്കാരിക കേരളത്തിന്റെ താരുണ്യകാലമായിരുന്നു - ചടുലവും ഊർജ്ജസ്വലവുമായ കാലം. അഭിപ്രായഭേദങ്ങൾ നിലനിൽക്കുമ്പോഴും ഏവരും രണ്ടുകാര്യങ്ങളിൽ യോജിച്ചു. ഒന്ന്, നവോത്ഥാനത്തിന്റെ സാംസ്ക്കാരികധാരയും രാഷ്ട്രീയധാരയും പരസ്പരപൂരകങ്ങളാണ്. രണ്ട്, നാളെയെപ്പറ്റി അളവറ്റ പ്രതീക്ഷകളുയർത്തിയ കാലമാണത്.

ആശാൻ സാംസ്കാരികതലത്തിലും വള്ളത്തോൾ രാഷ്ട്രീയതലത്തിലും മുന്നിട്ടുനിൽക്കുന്നവരാണെന്ന ധാരണ അക്കാലത്ത് പൊതുവെ ഉണ്ടായിരുന്നു. ഇവരിൽ ആരാണ് അധികം പുരോഗമനസാഹിത്യകാരൻ എന്ന പേരിനർഹൻ എന്ന ചോദ്യത്തിന് ഇ.എം.എസ്. നൽകിയ മറുപടി ഇതായിരുന്നു. 'പറയാൻ സാധ്യമല്ല. രണ്ടു പേരും അവരവരുടെ സ്വന്തം നിലയ്ക്ക്, സ്വന്തം ചുറ്റുപാടുകൾക്കനു

സരിച്ചു നിലവിലുള്ള സാമൂഹ്യഘടനയെ വെല്ലുവിളിക്കുകയും പുതിയ സാമൂഹ്യഘടനയെ സ്വപ്നം കാണുകയുംചെയ്തു. ഒരാൾ (ആശാൻ) പഴയ സാമൂഹ്യനീതിയുടെ മതിലുകൾ പൊളിച്ചു; പ്രേമത്തെക്കുറിച്ചു പാടി (നളിനി, ലീല); സാമൂഹ്യസമത്വത്തിനുവേണ്ടി പേനകൊണ്ടു പോരാടി (ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ); ഭാഷാശാസ്ത്രപണ്ഡിതന്മാരുണ്ടാക്കിയ പഴയ നിയമങ്ങളെല്ലാം ലംഘിച്ചു പുതിയൊരു കാവ്യസരണി പെട്ടിത്തുറന്നു. മറ്റേയാൾ (വള്ളത്തോൾ) അടിമത്ത്വത്തിന്റെ അസഹ്യതയേയും ദേശീയസ്വാതന്ത്ര്യത്തിന്റെ ആവശ്യത്തേയും കുറിച്ചു പാടി. ഇതിൽ ഏതാണു കൂടുതൽ പുരോഗമനപരമെന്ന ചോദ്യംതന്നെ അർത്ഥശൂന്യമാണ്.'

എന്നാൽ നാലാപ്പാട്ടുനാരായണമേനോന്റെ 'കണ്ണുനീർതുള്ളി'യേക്കാൾ പാവങ്ങളുടെ പരിഭാഷയാണ് താൻ വിലമതിക്കുക എന്ന് അദ്ദേഹം പറയും; കാരണം, പാവങ്ങൾ മുന്നോട്ടുവെയ്ക്കുന്നത് മനുഷ്യവിമോചനത്തിന്റെ കഥയാണ്; കരുണാർദ്രമെങ്കിലും ഈ ധർമ്മം ഇത്തരത്തിൽ നിർവ്വഹിക്കാൻ കണ്ണുനീർത്തുള്ളിക്ക് കഴിയുകയില്ല.

പ്രത്യാശയുടെ സന്ദേശം അക്കാലത്തെ കൃതികൾ നൽകി എന്നതാണ് പുരോഗമന സാഹിത്യം പൊതുവെ പങ്കിട്ട മറ്റൊരാശയം. പുതിയ ഒരു നാളെയുടെ അരുണോദയത്തിന് സമൂഹം കാത്തിരുന്നു. അദ്ധ്വാനത്തിന്റെ സമരോജ്ജ്വലമുഖമായിരുന്നു തകഴിയുടെ രണ്ടിടങ്ങഴി, ആലപ്പുഴയിൽ തൊഴിലാളിവർഗ്ഗം രൂപംകൊണ്ടതിന്റെ കഥയാണ് കേശവദേവിന്റെ കണ്ണാടി. 'നിൻപുരോഭാഗത്തതാ ധീരതേജസാം നാളെ' എന്ന് ജി. ശങ്കരക്കുറുപ്പ് നാളെയുടെ തേജസ്സിനെ കാത്തിരിക്കുന്നു. 'അറിയാനിനിയുലകിൽ നമുക്കുള്ളതെന്തെന്നോ; പറയാം ഞാൻ, അരിവാളിൻ തത്ത്വശാസ്ത്രം' എന്ന് ചങ്ങമ്പുഴ പാടി. 'നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന് ഒ.എൻ.വി. സ്വപ്നം കണ്ടു. നവോത്ഥാന കേരളത്തിന്റെ ഇത്തരത്തിലെല്ലാമുള്ള മധുരസ്വപ്നശതാവലികളുടെ സാക്ഷാത്ക്കാരമായിരുന്നു 57-ലെ മന്ത്രിസഭ. നവോത്ഥാനത്തിന്റെ രാഷ്ട്രീയധാരയുടെ തുടർച്ചയുമായിരുന്നു അത്.

**'ചത്ത കുതിരകൾ'**

1957 ഏപ്രിൽ 7-ാം തിയതി സത്യപ്രതിജ്ഞചെയ്ത ഐക്യകേരളത്തിലെ ആദ്യത്തെ മന്ത്രിസഭ എവിടേയും എക്കാലത്തുമുള്ള ഭരണത്തിന് അനുകരണീയമായ മാതൃകയായിരുന്നു സൃഷ്ടിച്ചത്. 'ഏറ്റവും പരിശുദ്ധനായ മുഖ്യമന്ത്രി'

എന്നാണ് വിദേശപത്രങ്ങൾ പോലും ഇ.എം.എസ്സിനെ വിശേഷിപ്പിച്ചത്. പതിനൊന്നംഗ മന്ത്രിസഭയിലെ അംഗങ്ങൾ എല്ലാവരും ആ വിശേഷണത്തിന് അർഹരായിരുന്നു. ചുരുങ്ങിയ കാലംകൊണ്ട് സമയബന്ധിതമായി ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്തുതീർക്കാൻ ആ മന്ത്രിസഭയ്ക്ക് കഴിഞ്ഞു. ആദ്യത്തെ പത്രസമ്മേളനത്തിൽ തന്നെ ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസബിൽ, ഭരണപരിഷ്ക്കാരം എന്നിവ പ്രഖ്യാപിച്ച് മുഖ്യമന്ത്രി എല്ലാവരേയും ഞെട്ടിച്ചു. അധികാരമേറ്റ് ആറാംദിവസം (ഏപ്രിൽ11) എല്ലാ കുടിയൊഴിപ്പിക്കലുകളും നിരോധിച്ച് ഓർഡിനൻസ് വന്നു. ജൂലായ് 7-ന് വിദ്യാഭ്യാസബില്ലും ഡിസംബർ 21-ന് കാർഷികബന്ധബില്ലും സഭയിൽ അവതരിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും പുരോഗമനപരമായ കാർഷികബില്ലായിരുന്നു ഇത്. ഇതിനിടയ്ക്ക് തന്നെ പോലീസ് നയം സർക്കാർ പ്രഖ്യാപിച്ചു. ജനാധിപത്യപ്രസ്ഥാനങ്ങളെ അടിച്ചമർത്താനായിരുന്നു സ്വാതന്ത്ര്യത്തിനു മുൻപും പിൻപും സർക്കാരുകൾ പോലീസിനെ ഉപയോഗിച്ചിരുന്നത്. പുതിയ പോലീസ് നയം ഇതിനെ തിരുത്തി. സർക്കാരിന്റെ നയപരിപാടികൾക്ക് വമ്പിച്ച പിന്തുണയാണ് കേരളീയസമൂഹം നൽകിയത്. അധികാരത്തിലേറിയ അന്നുമുതൽ ക്രമസമാധാനം തകർന്നെന്ന് പ്രതിപക്ഷം ആരോപണം ഉന്നയിച്ചു, ഇതൊന്നും ജനങ്ങളിൽ ഏശിയില്ല. ദേവികുളം ഉൾപ്പെടെയുള്ള ഉപതെരഞ്ഞെടുപ്പുകൾ സർക്കാരിന്റെ പിന്തുണ വർദ്ധിച്ചതിന്റെ തെളിവായിരുന്നു. 24 മാസം അങ്ങനെ കഴിഞ്ഞു. ഈ കാലഘട്ടത്തിലെ പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച കോൺഗ്രസ് നേതാവ് എച്ച്.ഡി. മാളവിയ തന്റെ റിപ്പോർട്ടിൽ ഗവൺമെന്റിന്റെ നേട്ടങ്ങളെ വിവരിച്ചിട്ടുണ്ട്.

കേരളത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടി അധികാരത്തിൽ വന്നതിൽ ഏറ്റവും ഞെട്ടിയത് അമേരിക്കയാണ്. റഷ്യയ്ക്കുശേഷം ചൈനയും ഇപ്പോൾ ഇന്ത്യയും കമ്മ്യൂണിസത്തിന്റെ സ്വാധീനത്തിൽ വന്നിരിക്കുന്നു. ഇത് സ്വാഭാവികമായും ശീതയുദ്ധത്തിൽ അമേരിക്കയുടെ ഒന്നാം നമ്പർ ഇരയായി മാറാനുള്ള ദൗർഭാഗ്യം ഈ കൊച്ചുകേരളത്തിന്റെ തലയിൽ വീഴ്ത്തി. വിദ്യാഭ്യാസബില്ലിന്റെ പേരുപറഞ്ഞ് കത്തോലിക്കാസഭ സർക്കാരിനെതിരെ തിരിഞ്ഞു. കമ്മ്യൂണിസത്തിനെതിരായ കുരിശുയുദ്ധം അവർ പ്രഖ്യാപിച്ചു. ഒറ്റയ്ക്ക് പൊരുതിയിട്ട് ഏശാതെ വന്നപ്പോൾ മന്നത്തു പദ്മനാഭനെ അവർ കൂട്ടത്തിൽ ചേർത്തു. കത്തോലിക്കരുടെ പ്രതിനിധി എന്ന നിലയിൽ പി.ടി. ചാക്കോ ഈ സംരംഭങ്ങളെ പിന്തുണച്ചിരുന്നെങ്കിലും കോൺഗ്രസ്പാർട്ടി അതേറ്റെടുത്തില്ല. ഒടുവിൽ ഇന്ദിരാഗാന്ധിയുടെ നിർബന്ധത്തിന് വഴങ്ങി കോൺഗ്രസ്സും സമരത്തിൽ ചേർന്നു. അവസാനത്തെ നാല് മാസങ്ങളിൽ വിമോചനസമരമെന്നപേരിൽ വിദേശപ്പണത്തിന്റെ സഹായ

ത്തോടെ നടന്ന സമരാഭാസത്തിന്റെ വിശദപഠനങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അതുകൊണ്ട് ആ ഭാഗം വിശദീകരിക്കുന്നില്ല. 28 മാസം തികയുംമുൻപേ, സർക്കാരിനെ സഭയിൽ ഭൂരിപക്ഷമുണ്ടായിട്ടും, രാഷ്ട്രപതി പിരിച്ചുവിട്ടു.

വിമോചനസമരത്തെപ്പറ്റി ഈടുറ്റ സർഗ്ഗാത്മകരചനകൾ മലയാളത്തിൽ ഉണ്ടായില്ല എന്ന് ഇരുത്തിച്ചിന്തിപ്പിക്കേണ്ടകാര്യമാണ്. 'എന്റെ കഥ, നിന്റെയും' എന്ന എൻ. മോഹനന്റെ ചെറുകഥയാണ് ശ്രദ്ധേയമായ ഒരു കൃതി.

വിമോചനസമരത്തിന്റെ വിഷബീജങ്ങൾ കേരളീയസമൂഹത്തിലുണ്ടാക്കിയ മാറ്റം വിശദമായി പഠിക്കേണ്ടതുണ്ട്. ആദ്യത്തെ കാര്യം നവോത്ഥാനകാലത്ത് കുടത്തിലടച്ച ഭൂതങ്ങളെല്ലാം പുറത്തുചാടി എന്നതാണ്. ചത്തകുതിരകൾ കുഴിമാടങ്ങളിൽ ഉയർത്തെഴുന്നേറ്റ് കങ്കാളനൃത്തം ആടി (വർഗ്ഗീയശക്തികളെ 'ചത്തകുതിരകൾ' എന്ന് വിശേഷിപ്പിച്ചത് ജവഹർലാൽ നെഹ്റു ആണ്). നവോത്ഥാനം കേരളീയസമൂഹത്തിന് നൽകിയതൊക്കെ ഇവ ചവുട്ടിമെതിച്ചു. ഭസ്മാസുരന് വരംകൊടുത്ത അവസ്ഥയാണ് മൃതാവസ്ഥയിലായിരുന്ന വർഗ്ഗീയ ശക്തികളെ വാജീകരിച്ച കോൺഗ്രസ്സ് പാർട്ടിക്ക് കൈവന്നത്. 60-ലെ തെരഞ്ഞെടുപ്പിൽ മുക്കൂട്ടുമുന്നണിയിൽ അധികാരത്തിലെത്താൻ പറ്റിയെങ്കിലും കാലാവധി പൂർത്തിയാകും മുൻപേ കോൺഗ്രസ് തകർന്നടിഞ്ഞു. 64-ലെ തെരഞ്ഞെടുപ്പിൽ ദയനീയമായിരുന്നു പരാജയം. '67ൽ രണ്ടക്കത്തിലെത്താൻപോലുമുള്ള സീറ്റ് കോൺഗ്രസ്സിന് കിട്ടിയില്ല. പിന്നീട് അധികാരത്തിൽ വരാറുണ്ടെങ്കിലും അതൊന്നും സ്വന്തം മിടുക്കുകൊണ്ടല്ല. വർഗ്ഗീയതയുടെ ചുമലിൽ കയറിനിന്നുണ്ടാക്കിയ പൊക്കമാണ് പിന്നീട് കോൺഗ്രസ്സിനുണ്ടായത്. ഇത് സമസ്തമാലിന്യങ്ങളെയും ചുമക്കേണ്ട ദുര്യോഗം ആ പ്രസ്ഥാനത്തിന് വരുത്തിവെച്ചു.

ധാർമ്മികവും സദാചാരപരവുമായി കേരളീയസമൂഹത്തിനുണ്ടായ അപചയമാണ് നാലു മാസത്തെ 'ഇരുണ്ട കാല'ത്തിന്റെ ബാക്കിപത്രം. സ്വയം രക്ഷയ്ക്കെന്ന പേരിൽ സഭ സംഘടിപ്പിച്ച ക്രിസ്റ്റോഫർ സേനയുടെ പ്രവർത്തനങ്ങൾ സംസ്കാരത്തിന്റെ സീമകളെ ലംഘിക്കുന്നവയായിരുന്നു. തെരുവുകളിൽ മന്ത്രിമാർക്കെതിരെ ആഭാസകരങ്ങളായ മുദ്രാവാക്യങ്ങളാണ് അവർ മുഴക്കിക്കൊണ്ടിരുന്നത്. ചില സാമ്പിളുകളിതാ - 'ചാരിത്ര്യവതികളേ സൂക്ഷിക്കുക, മന്ത്രിമാർ വരുന്നുണ്ട്', 'വിക്കന്മാരുടേയും മുടന്തന്മാരുടേയും സർക്കാർ വേണ്ട'; വിദ്യാഭ്യാസമന്ത്രി അവർക്ക് മണ്ടനാണ്, തൊഴിൽമന്ത്രി റൗഡിതോമസ്, ഇ.എം.എസ്. വിക്കൻ! പ്രബുദ്ധമായ കേരളത്തിന്റെ അന്തരീക്ഷം ഇതിനുമുൻപൊരിക്കലും ഇത്ര മലീമസമായിട്ടില്ല.

ജൂണിൽ വിദ്യാലയങ്ങൾ തുറക്കില്ലെന്ന് മാനേജർമാർ പ്രഖ്യാപിച്ചിരുന്നു. അധികമാരുമതു ചെവിക്കൊണ്ടില്ല. പിന്നെ നടന്നത് പറയാനെളുതല്ല. ഞാൻ പഠിച്ചിരുന്ന ഗ്രാമത്തിലെ ഹൈസ്കൂൾ മുടക്കമില്ലാതെ പ്രവർത്തിച്ചിരുന്നു. പള്ളിയിൽനിന്ന് നേതാക്കൾ വീടുതോറും കയറിയിറങ്ങി ക്ലാസ് ബഹിഷ്ക്കരിക്കാൻ വിദ്യാർത്ഥികളെ നിർബന്ധിച്ചുകൊണ്ടിരുന്നു. ആരും ഇറങ്ങിയില്ല. ഒരാഴ്ചയോളം ക്ലാസ് തടസ്സം കൂടാതെ നടന്നു. ഒരുദിവസം ക്ലാസ് തുടങ്ങി കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുലോറി നിറയെ ഗുണ്ടകൾ സ്കൂളിന് മുൻപിലിറങ്ങി. ജനാലവഴി അട്ടഹസിച്ചുകൊണ്ട് ക്ലാസുകളിലേയ്ക്കവർ ചാടിക്കയറി; അദ്ധ്യാപകർ അമ്പരന്നു, പെൺകുട്ടികൾ കൂട്ടനിലവിളി. ഒരുമണിക്കൂർ താണ്ഡവമാടിയശേഷം  അവർ കൂട്ടമണിയടിച്ചു; വിജയനൃത്തം ചവുട്ടി ലോറിയിൽ മടങ്ങി. മിക്ക വിദ്യാലയങ്ങളിലും ഈ അസംബന്ധനാടകം അരങ്ങേറിക്കൊണ്ടിരുന്നു. പ്രതിപക്ഷപാർട്ടികൾക്ക് ഇതു കണ്ടുനിൽക്കാനേ കഴിഞ്ഞുള്ളൂ. കാര്യങ്ങൾ അവരുടെ കൈവിട്ടുപോയിരുന്നു!

എഴുപത് വർഷത്തെ നവോത്ഥാനംകൊണ്ടു കേരളം കൈവരിച്ച നേട്ടങ്ങൾ നാലുമാസംകൊണ്ട് ഈ ഇരുണ്ടകാലം നമുക്ക് നഷ്ടപ്പെടുത്തി.

ഇരുണ്ടകാലത്തിനുശേഷമുള്ള കേരളം ഇതിനുമുൻപുള്ള കേരളമായിരുന്നില്ല. നാടുവാഴി-ജന്മി-പൗരോഹിത്യക്കൂട്ടുകെട്ടിന്റെ കനത്ത കെട്ടുപൊട്ടിച്ചാണ് നവോത്ഥാനകാലത്ത് സമൂഹം സ്വാതന്ത്ര്യത്തിലേയ്ക്ക് കുതിച്ചത്. ആ കെട്ടുകൾ കൂട്ടിക്കെട്ടുകയാണ് ഇരുണ്ടകാലം ചെയ്തത്. അതേറ്റവും പ്രകടമായത് സാംസ്കാരികരംഗത്താണ്. ചോദ്യങ്ങളുയർത്താനും പ്രതിരോധം സൃഷ്ടിക്കാനുമുള്ള കരുത്ത് പിൽക്കാല കേരളീയസമൂഹത്തിന് ചോർന്നുപോയി. ഇതേറ്റവും ബാധിച്ചത് ക്രൈസ്തവ സമൂഹത്തെയാണ്. ഒരു എം.പി. പോളോ, മുണ്ടശ്ശേരിയോ പിന്നീടുള്ള കാലത്ത് ക്രൈസ്തവസമൂഹത്തിലുണ്ടായിട്ടില്ല. റാഫിയെപ്പോലെയും പൊൻകുന്നംവർക്കിയേപ്പോലെയുമുള്ള സാഹിത്യകാരന്മാരും ആ വിഭാഗങ്ങളിൽനിന്ന് വളർന്നുവന്നില്ല. പൊൻകുന്നം വർക്കിയുടെ പല കഥകളും, പൗരോഹിത്യത്തിന്റെ അപചയത്തെ വിമർശിക്കുന്നവയാണ്. 'അന്തോണി, നീയും അച്ചനായോ' ? എന്ന ചെറുകഥ വളരെ പ്രസിദ്ധമാണ്. ഇത്തരം വിമർശനപരങ്ങളായ ചോദ്യങ്ങൾ ഉയർത്താൻ പിൽക്കാലത്ത് ആരും മുതിർന്നില്ല. പാടുന്ന പൈങ്കിളികളായി പിൽക്കാലമാതൃകകൾ. ആറാം തിരുമുറിവുകൾ ഉൾക്കൊള്ളാനുള്ള സഹിഷ്ണുത സമൂഹത്തിന് നഷ്ടപ്പെട്ടു. ആദമിനെയും ഹവ്വയേയും പറ്റി പോലും കവിത എഴുതാൻ  പാടില്ലെന്നായി.

## പൊന്നാനിക്കാരന്റെ മനോരാജ്യം

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഭരണം വരുന്നതിനിടയാക്കിയ സാഹചര്യം സൃഷ്ടിച്ചത് സാഹിത്യകാരന്മാരാണെന്നാണ് സഭയുടെ തലപ്പത്തുള്ളവർ വിശ്വസിച്ചത്. അതുകൊണ്ട് പുരോഗമനാശയങ്ങളെ ചെറുക്കാൻ ചൊല്പടിയുള്ള സാഹിത്യകാരന്മാരുടെ നിര സൃഷ്ടിക്കാൻ സഭ ശ്രമിച്ചു. ഒട്ടേറെ കാര്യങ്ങൾ ചെയ്യുകയും ചെയ്തു. അതൊക്കെ പരാജയപ്പെട്ടു. എങ്കിലും കമ്മ്യൂണിസ്റ്റുകാർക്കെതിരെ ധൈഷണികമായൊരു ആക്രമണം നടത്താൻ അവർ കോപ്പുകൂട്ടി. പാസ്റ്റർനാക്കായിരുന്നു അക്കാലത്തെ പ്രധാന ആയുധം. നമ്മുടെ കാലത്തെ വലിയ ധൈഷണികരിലൊരാളായിരുന്നു ധിക്കാരിയുടെ കാതലായ സി.ജെ. തോമസ്. സ്വതന്ത്രമായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. പുരോഹിതന്റെ മകനായ സി.ജെ. പുരോഹിതനാകാൻ പഠിച്ച്, ഇടയ്ക്കുവെച്ച് ലോഹ ഊരിക്കളഞ്ഞു. പിന്നീട് കമ്മ്യൂണിസ്റ്റുകാരനായി. ഏറെ തീവ്രതയോടെ കമ്മ്യൂണിസ്റ്റാശയങ്ങൾ പ്രചരിപ്പിച്ചു, എഴുതി. അവിടുന്നും പിന്മാറി. മതത്തിന്റെ കുപ്പായവും രാഷ്ട്രീയത്തിന്റെ കുപ്പായവും അദ്ദേഹം വലിച്ചെറിഞ്ഞു. അന്ത്യകാലത്ത് സി.ജെ. കോൺഗ്രസ്സിന്റെ മുഖപത്രമായ ദീനബന്ധുവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചത്. 'വീക്കിലി കേരള' എന്നൊരു ഇംഗ്ലീഷ് ദിനപത്രവും നടത്തിയിരുന്നു. അക്കാലത്തെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രവർത്തനത്തിന്റെ തലച്ചോറ് സി.ജെ. തോമസ് ആയിരുന്നു. ഒന്നാന്തരം നാടകങ്ങളും സൈദ്ധാന്തികകൃതികളും രചിച്ച സി.ജെ. തോമസ്, താൻ തന്നെ പിന്നീട് തള്ളിപ്പറഞ്ഞ, വിഷവൃക്ഷം എന്നൊരു നാടകം എഴുതുകകൂടി ചെയ്തു, കമ്മ്യൂണിസ്റ്റ് വിരോധം കൊഴുപ്പിക്കാൻ.

സി.ജെ. തോമസിന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു എം. ഗോവിന്ദൻ. കമ്മ്യൂണിസ്റ്റ് വിരോധം അദ്ദേഹത്തിനുമുണ്ടായിരുന്നു. എങ്കിലും സി.ജെ.യുടെ പോക്കിനെ അദ്ദേഹം പിന്തുണച്ചില്ല. വിദേശപ്പണംകൊണ്ട് പള്ളിയും എൻ.എസ്. എസും നടത്തുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ കുഴലൂതാൻ സി.ജെ. നിന്നുകൊടുക്കുന്നത് ഗോവിന്ദന് സഹിച്ചില്ല. 'ലജ്ജയില്ലേ'? എന്ന് സി.ജെ.യോട് ചോദിച്ച് ക്ഷോഭിച്ചാണ് അവർ പിരിഞ്ഞത്.

ധൈഷണികമായി ഉന്നതനിലവാരം പുലർത്തിയിരുന്നു എം. ഗോവിന്ദൻ. എന്നും അദ്ദേഹം ഒറ്റയാനായിരുന്നു. മനുഷ്യനാണ് സർവ്വതിന്റേയും മാനദണ്ഡം എന്നദ്ദേഹം വിശ്വസിച്ചു. ആ അർത്ഥത്തിൽ താനൊരു ഹ്യൂമനിസ്റ്റാണെന്ന് അദ്ദേഹം അഭിമാനിക്കുകയും ചെയ്തു. അഴിമതി, അധികാരം, വർഗ്ഗീയത എന്നീ മൂന്നി

നോടും അദ്ദേഹം നിരന്തരം പൊരുതിക്കൊണ്ടിരുന്നു. ജാതിവ്യവസ്ഥയോടും അദ്ദേഹത്തിന് വിട്ടുവീഴ്ചയില്ലായിരുന്നു. ജാതിയെ അദ്ദേഹം വിലയിരുത്തുന്നതിങ്ങനെ:

> 'ഇന്ത്യയിൽ നിലനിന്ന വർണ്ണാശ്രമമാണ് നാസിസത്തിന്പോലും താത്ത്വികപശ്ചാത്തലം നൽകിയതെന്ന അഭിപ്രായക്കാരുണ്ട്. ആര്യശബ്ദവും സ്വസ്തികവും മാത്രമല്ല, ജനനത്തെ അടിസ്ഥാനപ്പെടുത്തി ജനങ്ങൾ ഉയർന്നവരും താഴ്ന്നവരുമാണെന്ന സങ്കല്പവും നാസികൾ സ്വീകരിച്ചത് ഇന്ത്യയിൽ നിന്നാണത്രേ! എങ്കിൽ ജാതിയോളം ജനാധിപത്യവിരുദ്ധമായ മറ്റൊന്നില്ലെന്ന് മനസ്സിലാക്കാൻ വിഷമമില്ല.'

എം. ഗോവിന്ദനെ ഹ്യൂമനിസ്റ്റ് എന്നു വിശേഷിപ്പിക്കുന്നത്, പുരോഗമനസാഹിത്യകാലത്ത് എം.പി. പോളിനെ അങ്ങനെ വിശേഷിപ്പിച്ചതുപോലെ അല്ല എന്നുതിരിച്ചറിയണം. എം.പി. പോളിന് സാഹിത്യകാരന്റെ സാമൂഹ്യപ്രതിബദ്ധതയിൽ സംശയമില്ലായിരുന്നു. എന്നാൽ വ്യക്തിതലത്തിലേയ്ക്ക് സിദ്ധികളെ ചുരുക്കുകയാണ് ഗോവിന്ദൻ ചെയ്തത്. 1989-ൽ അന്തരിക്കുന്നതുവരെ അദ്ദേഹം ആ സപര്യ തുടർന്നു. ചരിത്രപരമായി നോക്കുമ്പോൾ, നവോത്ഥാന കാലത്ത് സമൂഹാലംബകമായി വികസിച്ച കേരളീയസമൂഹത്തെ വ്യക്തിതലത്തിലേക്ക് സങ്കോചിപ്പിക്കുകയാണ് ഗോവിന്ദൻ ചെയ്തത്, ഗോർബച്ചേവ് റഷ്യയിൽ പെരിസ്ട്രോയിക്ക പ്രഖ്യാപിച്ച സമയത്ത് എം. ഗോവിന്ദൻ സാനുമാഷ്ക്ക് അയച്ചകത്തിലെ ഒരു വാചകത്തിന് കേവലകൗതുകത്തിനപ്പുറമുള്ള അർത്ഥതലങ്ങളുണ്ട്. 'ഗോർബച്ചേവും ഗോവിന്ദനും തമ്മിലുള്ള സാമ്യം ആദ്യാക്ഷരങ്ങളിൽ മാത്രം ഒതുങ്ങുന്നുവോ?'

**നവോത്ഥാനത്തിന്റെ സാംസ്കാരികധാര**

നവോത്ഥാനത്തിന്റെ രാഷ്ട്രീയ തലമായിരുന്നു അധികാരത്തിലേക്കുള്ള വഴി. മൂല്യങ്ങൾക്ക് നിയമപരമായ അടിസ്ഥാനം നൽകാൻ അത് സഹായിച്ചു. തിരിച്ചടികൾ ഉണ്ടാകാറുണ്ടെങ്കിലും ആ ധാര മുന്നോട്ടു പോയികൊണ്ടിരിക്കുന്നു. എന്നാൽ സാംസ്കാരികധാരയ്ക്ക് തുടർച്ച ഉണ്ടായോ? വേണ്ടത്ര ഉണ്ടായില്ലെന്നു വേണം വിചാരിക്കാൻ, പ്രത്യേകിച്ച് അറുപതുകളിലും എഴുപതുകളിലും. ആ ശൂന്യതയിലാണ് വ്യക്തിവാദവും അരാഷ്ട്രീയതയും നിരാശാ ബോധവുമൊക്കെ പുതുധാരകളായി അവതരിച്ചത്, അവസാനം വർഗ്ഗീയതയും. അറുപതുകളിലും എഴുപതുകളിലും ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ പ്രതിരോധമുയർത്താൻ നവോത്ഥാനശക്തികൾക്ക് കഴിഞ്ഞിട്ടില്ല. ദേശാഭിമാനി സ്റ്റഡി സർക്കിൾ

പോലുള്ള പ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ലെന്നല്ല. പുരോഗമനസാഹിത്യകാലത്ത് അഖിലേന്ത്യാ തലത്തിൽ ഇപ്റ്റയും കേരളത്തിൽ കെ.പി.എസിയും നടത്തിയ രീതിയിലുള്ള നാടകപ്രവർത്തനങ്ങൾ, കഥാപ്രസംഗങ്ങൾ തുടങ്ങിയവയൊക്കെ ശോഷിച്ചു. സമൂഹത്തിൽ ശക്തമായ ആശയസംവാദങ്ങൾക്കുള്ള ഇടങ്ങൾ കുറഞ്ഞുവന്നു. കൂടുതൽ ഇടങ്ങൾ നേടാനുള്ള ശ്രമങ്ങൾ നടന്നതുമില്ല. പുരോഗമന പ്രസ്ഥാനങ്ങളെ മതസ്ഥാപനങ്ങളിൽനിന്നും അകറ്റിനിർത്താനുള്ള പ്രവണത ഇന്നും തുടരുന്നു. മതത്തെ എതിർക്കുന്നത് പുരോഗമനപ്രസ്ഥാനങ്ങളുടെ അജണ്ടയല്ല. മതം മനുഷ്യനെതിരാകുമ്പോൾ മാത്രമാണ് വിമർശനമുണ്ടാകുന്നത്. മതന്യൂനപക്ഷങ്ങളോട് ക്രിയാത്മകമായി ഇടപെടുന്നത് എക്കാലത്തും പുരോഗമനപ്രസ്ഥാനങ്ങളാണ്. ഇക്കാര്യങ്ങൾ ഇന്ന് മതസ്ഥാപനങ്ങൾക്ക് മനസ്സിലായിവരുന്നുണ്ട്, പക്ഷേ, അതിന് വളരെ കാലമെടുത്തു.

പണ്ട് വേണ്ടത്ര പ്രകടമാകാതിരുന്ന വിവേചനത്തിന്റെ പുതിയ മുഖങ്ങളുണ്ട്. അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ ജീവിതസമസ്യകളാണവ.

സാംസ്കാരികമായ ചൈതന്യമാണ് രാഷ്ട്രീയപ്രബുദ്ധതയുടെ ഉറവിടം. അതാണ് പുരോഗതിയുടെ ചാലകശക്തി. അധീശവർഗ്ഗ പ്രത്യയശാസ്ത്രത്തിന്റെ മതാത്മക കാപട്യങ്ങൾ തിരിച്ചറിഞ്ഞ് നാസികളുടെ കാലത്ത് മാക്സിം ഗോർക്കി ഉയർത്തിയ ചോദ്യം സമൂഹം ആവർത്തിക്കേണ്ടിയിരിക്കുന്നു.

'നിങ്ങൾ ഏത് ചേരിയിൽ, ഫാസിസത്തിന്റെയോ ജനാധിപത്യത്തിന്റെയോ?'

---

**തുടർവായനയ്ക്ക്:**


1. പുരോഗമനസാഹിത്യപ്രസ്ഥാനം - നിഴലും വെളിച്ചവും. 1987, 2000; പി.കെ.ഗോപാലകൃഷ്ണൻ, സാഹിത്യ അക്കാദമി, തൃശൂർ.
2. എം.ഗോവിന്ദൻ - 2002, എം.കെ. സാനു. ഡി.സി.ബുക്ക്സ്, കോട്ടയം.
3. ചരിത്രത്തിനൊപ്പം നടന്ന ആൾ - 1997, അനിൽ കുമാർ എ.വി, നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം.
4 കേരളം- രാഷ്ട്രത്തിനുള്ള റിപ്പോർട്ട് 1958, 2007; എച്ച്.ഡി. മാളവിയ, കേരള ശാസ്ത്രസാഹിത്യപരിഷത്ത്
5. വിമോചന സമരത്തിന്റെ കാണാപ്പുറങ്ങൾ - 2008, ടി.എം. തോമസ് ഐസക്ക്, ദേശാഭിമാനി ബുക്ക് ഹൗസ്.


---


കെ.ജി. പൗലോസ്, മനുസ്മൃതി,തൃപ്പുണിത്തുറ, 682 301; ഫോൺ: 9846041205